## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1561 21-03-2012-ലെ മറുപടിക്ക്

## ഇടുക്കി പാക്കേജ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി. സി. ജോർജ് | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | ഇടുക്കി പാക്കേജിന്റെ നടത്തിപ്പിന് കേന്ദ്രത്തിൽ നിന്ന് ഇതുവരെ ലഭിച്ച തുക എത്രയാണ് ; | (എ) | ഇടുക്കി പാക്കേജ് നടത്തിപ്പിനായി കേന്ദ്രസർക്കാരിൽ നിന്ന് നാളിതുവരെ 110.19 കോടി രൂപാ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുതപദ്ധതിനടത്തിപ്പ് ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ ? | (ബി) | ഇടുക്കി പാക്കേജിൽ പ്രതിപാദിച്ചിരിക്കുന്ന വിവിധ പ്രവൃത്തികളുടെ നിർവ്വഹണം വിവിധ വകുപ്പുകൾ/ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്നു. നാളിതുവരെ 396.60 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഡി.പി.ആറുകൾ തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിക്കുകയും ആയതിൽ 238.92 കോടി രൂപയുടെ പ്രവൃത്തികൾക്ക് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ 110.19 കോടി രൂപാ റിലീസ് ചെയ്തിട്ടുള്ളതും 79.065 കോടി രൂപാ ചെലവഴിച്ചിട്ടുള്ളതുമാണ്. ഇടുക്കി പാക്കേജിൻ കീഴിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്